**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -1036 30.10.2019-ലെ മറുപടി**

**ജല അതോറിറ്റിയുടെ കടിവെള്ളം ലഭിക്കുന്ന വീട്ടുകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.എസ്.ശിവകമാർ** | **കെ. കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പ മന്ത്രി)** |
| എ) സംസ്ഥാനത്ത് എത്ര വീട്ടുകൾക്കാണ് ജല അതോറിറ്റിയുടെ കടിവെള്ളം ലഭിക്കുന്നതെന്നും ഇത് ആകെ വീട്ടുകളുടെ എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ: | എ& ബി) സംസ്ഥാനത്ത് ആകെ 2361465 വീട്ടുകൾക്ക് ഗാർഹിക കടിവെള്ള കണക്ഷനിലൂടെ കേരള ജല അതോറിറ്റിയുടെ കടിവെള്ളം ലഭ്യമാക്കുന്നുണ്ട്. ഇത് ആകെ വീട്ടുകളുടെ (സെൻസസ് 2011 പ്രകാരം) ഏകദേശം 31 ശതമാനം വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.<br>സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ഏകദേശം 22 ശതമാനം വീട്ടുകൾക്കും നഗരമേഖലയിൽ ഏകദേശം 68 ശതമാനം വീട്ടുകൾക്കുമാണ് കേരള ജല അതോറിറ്റിയുടെ കടിവെള്ള കണക്ഷൻ വഴി കടിവെള്ളം ലഭ്യമാക്കുന്നത്. ഇതിനു പുറമേ ഗ്രാമീണ മേഖലയിൽ 153070 പൊതു ടാപ്പുകളും നഗര മേഖലയിൽ 50135 പൊതു ടാപ്പുകളും നിലവിലുണ്ട്. ഇതിലൂടെയും സംസ്ഥാനത്തെ ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്നുണ്ട്. |
| ബി) ഇതിൽ ഗ്രാമീണ / നഗര പ്രദേശങ്ങളിൽ എത്ര ശതമാനം വീട്ടുകൾക്കാണ് പൈപ്പ് വെള്ളം ലഭ്യമാക്കുന്നതെന്ന് അറിയിക്കുമോ; | |
| സി) എല്ലാ വീട്ടുകൾക്കും പൈപ്പ് വെള്ളം എന്ന ലക്ഷ്യം കൈവരിക്കാൻ എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ? | സി) നിലവിൽ സംസ്ഥാന സർക്കാർ 5 വർഷം കൊണ്ട് 10 ലക്ഷം ഗാർഹിക കടിവെള്ള കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. എന്നാൽ കേന്ദ്ര സർക്കാർ രാജ്യത്തെ ഗ്രാമീണമേഖലയിലെ എല്ലാ വീട്ടുകൾക്കും 2024 ഓടുകൂടി ഗാർഹിക കടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ജൽ ജീവൻ മിഷൻ എന്ന പേരിൽ കേന്ദ്ര സർക്കാർ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 2015 ആഗസ്റ്റ് മാസം 15-ാം തീയതി സ്വാതന്ത്ര്യ ദിനത്തിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഇത് സംബന്ധിച്ച ഒരു പ്രഖ്യാപനം നടത്തിയിട്ടുണ്ട്. പദ്ധതിയുടെ മാർഗ്ഗരേഖ കേന്ദ്രസർക്കാർ പുറത്തിറക്കിയിട്ടില്ല. നിലവിലത്തെ സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും പദ്ധതികൾ സമന്വയിപ്പിച്ചുകൊണ്ട് ഗ്രാമീണമേഖലയിൽ ഗാർഹിക കടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖ കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണം സംബന്ധിച്ച വിശദമായ നടപടി ക്രമങ്ങൾ ആരംഭിക്കുന്നതാണ്. |

Renuka Sankar

സെക്ഷൻ ഓഫീസർ